# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/261/2017 2017 ഡിസംബർ 11

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാ തീയതി

ഡിസംബർ 8ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ തിയറി പരീക്ഷകളുടെ പുതുക്കിയ തീയതി പ്രഖ്യാപിച്ചു. സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 pm to 9pm, റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 15നും നാലാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്, റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയും മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. ഡിഗ്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയും 18നും ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം പ്രൈവറ്റ് (സി.ബി.സി.എസ്.എസ്., റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ ബി.ആർക് (2013 അഡ്മിഷൻ റഗുലർ/2011, 2012 അഡ്മിഷൻസ് സപ്ലിമെന്ററി) പരീക്ഷ 20നും നടത്തും. അഞ്ചാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്), ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്), ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകളും രണ്ടാം വർഷ ബി.പി.ഇ. (ആനുവൽ സ്കീം 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയും ജനുവരി 4നും മൂന്നാം സെമസ്റ്റർ എം.ബി.എ. (2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി, 2012 അഡ്മിഷൻ ഒന്നാം മേഴ്സി ചാൻസ്) പരീക്ഷ ജനുവരി 5നും നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്)/ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്) ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2015 അഡ്മിഷൻ മുതൽ റഗുലറും 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററിയും) പരീക്ഷകൾ ജനുവരി 5ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി., രണ്ടാം വർഷ ത്രിവത്സര എൽ.എൽ.ബി. (കോമൺ) പരീക്ഷകൾ ജനുവരി 1ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

### പരീക്ഷാഫലം

2017 മാർച്ചിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

### എൽ.എസ്.എസ്. അവാർഡ് ദാന ചടങ്ങ്

2016-2017 അക്കാദമിക വർഷത്തിൽ എൻ.എസ്.എസ്. പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച, എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ, മികച്ച വോളണ്ടിയർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർക്കുള്ള അവാർഡ് ദാന ചടങ്ങ് ഡിസംബർ 14ന്

രാവിലെ 11 മണിക്ക് സർവ്വകലാശാലാ അസംബ്ലിഹാളിൽവച്ച് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും.

**<u>സ്റ്റാഫ് നഴ്സ് പി.എസ്.സി. പരീക്ഷാ പരിശീലനം</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഫെബ്രുവരിയിൽ നടത്തുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ് - രണ്ട് പരീക്ഷയ്ക്കുള്ള പരിശീലനം എം.ജി. സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ നടത്തുന്നതാണ്. വിവരങ്ങൾക്ക് ഫോൺ: 0481 2731025.

**<u>സ്പെക്ട്രോസ്കോപ്പി ശില്പശാല</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളിക്യുലാർ സയൻസ് ആന്റ് എഞ്ചിനീയറിംഗിന്റെ ആഭിമുഖ്യത്തിൽ നടന്ന അന്തർദ്ദേശീയ സ്പെക്ട്രോസ്കോപ്പി ശില്പശാലയുടെ രണ്ടാം ദിനത്തിൽ പ്ലീനറി പ്രഭാഷണം നടത്തിയ അമേരിക്കൻ ശാസ്ത്രജ്ഞൻ പ്രൊഫ. ഉമ്മൻ കെ. വർഗ്ഗീസ് പരിസ്ഥിതി സന്തുലനത്തിൽ സോളാർ ഫ്യൂവൽ സെല്ലുകളുടെ പ്രസക്തി ശാസ്ത്രസമൂഹത്തിന് പരിചയപ്പെടുത്തി. പ്രൊഫ. ഗാഡു സുഭാഷ്, ബോറോൺ കാർബൈഡ് അടങ്ങിയ കടുപ്പമേറിയ വസ്തുക്കളെ സംബന്ധിച്ച് പ്രഭാഷണം നടത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**